# പതിനഞ്ചാം കേരള നിയമസഭ
## ഒന്നാം സമ്മേളനം
## ബുള്ളറ്റിൻ ഭാഗം - 2
2021 മേയ് 31

നമ്പർ: 16

2021 മേയ് 31-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് കേരള നിയമസഭയുടെ നടപ്പുസമ്മേളനം 2021 ജൂൺ 10 - ാം തീയതി വ്യാഴാഴ്ച അവസാനിപ്പിക്കുന്നതാണ്.

2021 മേയ് 31, ജൂൺ 1, 2, 3 തീയതികളിൽ ചോദ്യോത്തരവേള ഒഴിവാക്കുന്നതും 2021 മേയ് 31 - ാം തീയതി തിങ്കളാഴ്ചയിലെ സഭാ സമ്മേളനത്തിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും ഒഴിവാക്കുന്നതാണ്.

2021 ജൂൺ 3- ാം തീയതി വ്യാഴാഴ്ച ഗവൺമെന്റ് കാര്യങ്ങൾക്കായി നീക്കിവെച്ച സമയം 2021 - ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ അവതരണത്തിനും അനന്തരഘട്ടങ്ങൾക്കുമായി നീക്കിവയ്ക്കുന്നതും ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കുന്നതുമാണ്.

2021 ജൂൺ 14- ന് സഭ പരിഗണിക്കേണ്ടിയിരുന്ന 2021 - ലെ കേരള ധനവിനിയോഗ [ വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണത്തിനും അനന്തര ഘട്ടങ്ങൾക്കുമായി 2021 ജൂൺ 10-ാം തീയതി വ്യാഴാഴ്ച സഭ അപരാഹ്ന സമ്മേളനം ചേരുന്നതുമാണ്.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.